**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6761** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഫാറൂക്ക് കോളേജിന് ലഭ്യമായ പട്ടയത്തിന്റെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ കുഴുപ്പിള്ളി വില്ലേജിൽ പഴയ സർവേ നമ്പർ 18/1 ൽ ഉൾപ്പെട്ടുവരുന്ന പണ്ടാരവക വെറും പാട്ടമായി കിടന്നിരുന്ന 404.76 ഏക്കർ വസ്തുവിന്റെ പട്ടയം ഫാറൂക്ക് കോളേജിന് ലഭ്യമായിട്ടുണ്ടോ; | (എ) | പ്രസ്തുത സ്ഥലം പോക്ക് വരവ് പട്ടയം പ്രകാരം ലഭ്യമായിട്ടുള്ളതാണ്. ടി സ്ഥലം 1956 ന് മുൻപ് പറവൂർ താലൂക് പരിധിയിൽ വടക്കേക്കര വില്ലേജിൽ ഉൾപ്പെട്ടിരുന്നതിനാൽ, പറവൂർ തഹസിൽദാർ നല്കിയിട്ടുള്ള പട്ടയമാണ് . |
| (ബി) | എങ്കിൽ പ്രസ്തുത പട്ടയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പട്ടയത്തിന്റെ നമ്പർ എത്രയെന്നും എന്നാണ് പട്ടയം അനുവദിച്ചതെന്നും, ആരാണ് പട്ടയം അനുവദിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) | പറവൂർ താലൂക്ക്, വടക്കേക്കര വില്ലേജിൽ 609 നമ്പർ പോക്കുവരവ് പട്ടയം. 1951 മാർച്ച് 28 തീയതിയിൽ പറവൂർ താലൂക്ക് തഹസിൽദാർ ആണ് ടി പട്ടയം അനുവദിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത ഭൂമിയിൽ വർഷങ്ങളായി താമസിച്ചിരുന്ന കുടികിടപ്പുകാരുടെ അവകാശം അവർക്ക് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഫാറൂഖ് കോളേജിലെ അധികൃതരിൽ നിന്നും ടി ഭൂമി പല വ്യക്തികൾക്കായി തീറാധാരം ചെയ്തു നല്കിയിട്ടുള്ളതായും പല വ്യക്തികൾക്കും 2005 ൽ റീസർവേ റിക്കാർഡുകൾ നിലവിൽ വന്നപ്പോൾ അവരുടെ പേരിൽ തണ്ടപ്പേർ നിലവിൽ വരുകയും ചെയ്തിട്ടുള്ളതായി കാണുന്നു. ടി ആധാരങ്ങളിൽ പലതും പോക്ക് വരവ് ചെയ്തു നല്കിയിട്ടുള്ളതായും കക്ഷികളുടെ പേരിൽ കരമടവ് നടത്തിയിട്ടുള്ളതായും വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഭൂമി വാങ്ങിയ കുറെപ്പേരുടെ വിവരങ്ങൾ റീ സർവേയിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. |
| (ഡി) | കുഴുപ്പിള്ളി വില്ലേജിലെ പണ്ടാരവക വെറുംപാട്ടമായി കിടന്നിരുന്ന സർവെ നമ്പർ 18/1 ൽ ഉൾപ്പെട്ട 404.76 ഏക്കർ വസ്തു കൈവശം വച്ചിരുന്ന മുഹമ്മദ് സിദ്ദിഖ് സേട്ട് എന്ന വ്യക്തി പ്രസ്തുത ഭൂമിയിലെ കുടികിടപ്പുകാരുടെ അവകാശം നിഷേധിച്ച് 1950 ൽ 2115 നമ്പർ ആധാരപ്രകാരം ഫാറൂഖ് കോളേജിന് ദാനമായി നൽകിയതും തുടർന്ന് 1951 ൽ ഫാറൂഖ് കോളേജിന് പട്ടയം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണ അവകാശം ലഭിക്കുകയും ചെയ്ത മേൽവസ്തുവകകൾ 1995 ലെ വഖഫ് നിയമം 36-ഉം 37-ഉം വകുപ്പുകൾ പ്രകാരം വഖഫ് രജിസ്റ്ററിൽ | (ഡി) | വഖഫ് നിയമം 40-ാം വകുപ്പ് പ്രകാരം ഒരു വസ്തു വഖഫാണോ അല്ലയോ എന്ന് തീരുമാനിക്കുന്നതിനുള്ള അധികാരം വഖഫ് ബോർഡിൽ നിക്ഷിപ്തമാണ്. ടി അധികാരം ഉപയോഗിച്ച് അന്വേഷണം നടത്തി നടപടിക്രമങ്ങൾ പാലിച്ച് ഒരു വസ്തു വഖഫാണെന്ന് കണ്ടെത്തുന്നതിന് പൂർണ്ണമായും നിയമസാധുത ഉള്ളതാണ്. ആയത് പ്രകാരം ബോർഡ് മുമ്പാകെയുണ്ടായിരുന്ന ഇ.പി.685/2008-ാം നമ്പർ കേസിൽ 20-05-2019-ാം തീയതിയിലെ ഉത്തരവിൽ മുതവല്ലിയായ ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മിറ്റിയോട് 1995-ലെ വഖഫ് |

| | | | |
|---|---|---|---|
| | ചേർക്കുവാനുള്ള കാരണം വിശദമാക്കാമോ; പ്രസ്തുത നടപടിക്ക് നിയമസാധുത ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | നിയമം 36-ാം വകുപ്പ് പ്രകാരം ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള രേഖകൾ സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ആയത് സമർപ്പിച്ചില്ലെങ്കിൽ കുഴിപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസിലെ 2115/1950-ാം നമ്പർ വഖ്ഫാധാരപ്രകാരം കോഴിക്കോട് ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മിറ്റിയെ മുതവല്ലിയാക്കി ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കഴിയുന്നത്ര വേഗത്തിൽ സ്വമോട്ടോ രജിസ്റ്റർ ചെയ്യുന്നതിന് എറണാകുളം ആസ്ഥാന കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ടി വിഷയത്തിൽ ബോർഡ് മുമ്പാകെ അന്വേഷണ വിചാരണ നടന്നിട്ടുള്ളതിനാലും, മുതവല്ലി നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാലും 25-09-2019-ാം തീയതിയിൽ കോഴിക്കോട് ഫാറൂഖ് കോളേജ് കമ്മിറ്റിയെ മുതവല്ലിയാക്കി മുഹമ്മദ് സിദ്ധീഖ് സേട്ട് എന്ന വഖ്ഫ് 9980/ആർ.എ. നമ്പറായി 2115/1950-ാം നമ്പർ വഖ്ഫാധാരപ്രകാരമുള്ള 404.76 വസ്തു ഉൾപ്പെടുത്തി ബോർഡിൽ സ്വമേധയാ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ